# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6019
## 02.04.2018 ലെ മറുപടിക്ക്

**വാമനപുരം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | വാമനപുരം മണ്ഡലത്തിൽ ആസ്തി വികസന പദ്ധതി പ്രകാരം 2016-17 വർഷത്തിൽ നിർദ്ദേശിക്കപ്പെട്ടതും ഭരണാനുമതി ലഭിച്ചതുമായ പ്രവൃത്തികളിൽ പൂർത്തിയാകാത്ത പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; | വാമനപുരം മണ്ഡലത്തിൽ 2016-17 ആസ്തി വികസന പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ താഴെ പറയുന്നവ ഒഴികെ മറ്റെല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.<br>1. വാമനപുരം നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ആസ്തി വികസന പദ്ധതി വഴി അനുവദിച്ച 50 ലക്ഷം രൂപ വിനിയോഗിച്ച് 2052 വൈദ്യുത കണക്ഷനുകൾ നൽകിയിട്ടുണ്ട്. വന മേഖലയിലെ 11 വൈദ്യുത കണക്ഷനുകൾ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ നൽകാൻ കഴിഞ്ഞിട്ടില്ല. അനുമതി ലഭിക്കുന്ന മുറയ്ക്ക് ടി കണക്ഷനുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.<br>2. 'വെഞ്ഞാറമൂട് എച്ച്.എസ്.എസ് ആഡിറ്റോറിയം' എന്ന പ്രവൃത്തി ഫൗണ്ടേഷൻ വരെ പൂർത്തിയാക്കിയിട്ടുണ്ട്. സ്കൂൾ ഹൈടെക് ആക്കുന്നതുമായി ബന്ധപ്പെട്ട് സംയോജിപ്പിച്ച് ചെയ്യേണ്ടതിനാൽ ബഹു. എം.എൽ.എ യുടെ നിർദ്ദേശ പ്രകാരം ടി പ്രവൃത്തി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയാണ്. |
| (ബി | പൂർത്തിയാകാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ എന്നത്തേയ്ക്ക് ഇവ പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | |

സെക്ഷൻ ഓഫീസർ